## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 79

10 /12/2012 -ൽ മറുപടിക്ക്

## ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ.ഖാദർ : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) ചേളാരി, പാരിപ്പള്ളി, ഉദയംപേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ഒ.സി. യുടെ ബോട്ടിലിംഗ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമുണ്ടോ; | എ) ഉണ്ട്, പഞ്ചായത്ത് ലൈസൻസ് ആവശ്യമുണ്ട്. |
| ബി) നിലവിലുള്ള സ്ഥാപനങ്ങൾക്ക് ഇപ്പോൾ ലൈസൻസ് ഉണ്ടോ; | ബി) ഉണ്ട്. |
| സി) ഈ സ്ഥാപനങ്ങളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉദയംപേരൂർ പ്ലാന്റിന്റെ സംഭരണശേഷി 2013-14 കാലയളവിൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 07.06.2012 ലെ സർക്കാർ ഉത്തരവ് (സാധ) നം.865/2012/എൽ.ബി.ആർ. പ്രകാരം ചേളാരി പ്ലാന്റിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. 26.09.2012 ലെ സർക്കാർ ഉത്തരവ് (സാധ) നം.1515/2012/എൽ.ബി.ആർ. പ്രകാരം പാരിപ്പള്ളിയിലെ പ്ലാന്റിന്റെ നിർദ്ദിഷ്ട സംഭരണശേഷി വർദ്ധനവിന് അനുമതി നൽകിയിട്ടുണ്ട്. |

ഡി) ഐ.ഒ.സി. യുടെ സ്ഥാപനങ്ങൾക്കുമേൽ സംസ്ഥാന സർക്കാരിനു നിയന്ത്രണവുമുണ്ടോ എന്നു വ്യക്തമാക്കുമോ?

ഡി) ഐ.ഒ.സി യുടെ പ്ലാന്റുകൾക്ക് ലൈസൻസ്/അനുമതി/സർട്ടിഫിക്കറ്റുകൾ നൽകുന്നതും അവ കാലാകാലം പുതുക്കി നൽകുന്നതും സംസ്ഥാന ഗവൺമെന്റ് വകുപ്പുകളായ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ലീഗൽ മെട്രോളജി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയാണ്.

സെക്ഷൻ ഓഫീസർ